**മധുരമായ കുട്ടികളേ - ഇപ്പോൾ ഈ നാടകം പൂർത്തിയാവുകയാണ്, നിങ്ങൾക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണം, അതുകൊണ്ട് ഈ ലോകത്തോടുള്ള മമത്വം ഇല്ലാതാക്കൂ, വീടിനെയും പുതിയ രാജ്യത്തെയും ഓർമ്മിക്കൂ.**

**ചോദ്യം:-** ദാനത്തിന്റെ മഹത്വം എപ്പോഴാണ്, അതിന്റെ റിട്ടേൺ ഏത് കുട്ടികൾക്കാണ് പ്രാപ്തമാകുന്നത്?
**ഉത്തരം:-** ദാനത്തിന്റെ മഹത്വം അപ്പോഴാണ് എപ്പോഴാണോ ദാനം നൽകപ്പെട്ട വസ്തുവിനോട് മമത്വം ഇല്ലാതാകുന്നത്. ദാനം നൽകി പിന്നീട് ഓർമ്മ വരുകയാണെങ്കിൽ അതിന്റെ ഫലം തിരിച്ച് പ്രാപ്തമാക്കാൻ സാധിക്കില്ല. ദാനം ചെയ്യുന്നത് തന്നെ അടുത്ത ജന്മത്തേയ്ക്ക് വേണ്ടിയാണ് അതുകൊണ്ട് ഈ ജന്മത്തിൽ നിങ്ങളുടെയടുത്ത് എന്തെല്ലാമുണ്ടോ അതിൽ നിന്നെല്ലാം മമത്വം വേർപെടുത്തൂ. ട്രസ്റ്റിയായി സംരക്ഷിക്കൂ. ഇവിടെ നിങ്ങൾ ഈശ്വരീയ സേവനത്തിൽ എല്ലാം സഫലമാക്കൂ, ഹോസ്പിറ്റൽ അഥവാ കോളേജ് തുറക്കൂ അതിൽ അനേകരുടെ മംഗളമുണ്ടാകുന്നു, അതിന്റെ റിട്ടേൺ 21 ജന്മത്തേയ്ക്ക് ലഭിക്കുന്നു.

**ഓം ശാന്തി**. കുട്ടികൾക്ക് തന്റെ വീടും രാജധാനിയും ഓർമ്മയുണ്ടോ? ഇവിടെ എപ്പോൾ ഇരിക്കുകയാണെങ്കിലും വീട്, ജോലി മുതലായവയുടെ ചിന്ത വരരുത്. തന്റെ വീട് മാത്രം ഓർമ്മ വരണം. ഇപ്പോൾ പഴയ ലോകത്തു നിന്നും പുതിയ ലോകത്തിലേയ്ക്ക് തിരിച്ച് പോവുകയാണ്, ഈ പഴയ ലോകം അവസാനിക്കാൻ പോവുകയാണ്. എല്ലാം അഗ്നിയിൽ സ്വാഹാ ചെയ്യപ്പെടും. ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ, മിത്ര-സംബന്ധിയെല്ലാം നഷ്ടമാകുന്നതാണ്. ഈ ജ്ഞാനം ബാബ തന്നെയാണ് ആത്മാക്കൾക്ക് മനസ്സിലാക്കി കൊടുക്കുന്നത്. കുട്ടികളെ, ഇപ്പോൾ തന്റെ വീട്ടിലേയ്ക്ക് തിരിച്ച് പോകണം. നാടകം പൂർത്തിയാവുകയാണ്. ഇത് 5000 വർഷത്തിന്റെ ചക്രമാണ്. ലോകം സദാ ഉണ്ട്, എന്നാൽ അതിന്റെ ചക്രം കറങ്ങി വരാൻ 5000 വർഷമെടുക്കുന്നു. ഏതെല്ലാം ആത്മാക്കളുണ്ടോ എല്ലാവരും തിരിച്ച് പോകും. ഈ പഴയ ലോകം തന്നെ അവസാനിക്കും. ബാബ വളരെ നല്ല രീതിയിൽ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തരുന്നു. ചിലർ ലുബ്ധരായി തന്റെ സമ്പത്ത് വെറുതെ നഷ്ടപ്പെടുത്തുന്നു. ഭക്തിമാർഗ്ഗത്തിൽ ദാന പുണ്യമെല്ലാം ചെയ്യാറുണ്ടല്ലോ. ചിലർ ധർമ്മശാലയുണ്ടാക്കി, ചിലർ ഹോസ്പിറ്റൽ ഉണ്ടാക്കി, ഇതിന്റെ ഫലം അടുത്ത ജന്മത്തിൽ ലഭിക്കുമെന്ന് മനസ്സിലാക്കുന്നു. ഫലമിച്ഛിക്കാതെ, അനാസക്തരായി എന്തെങ്കിലും ചെയ്യുക - ഇങ്ങനെയുണ്ടായിരിക്കുകയില്ല. ഞങ്ങൾ ഫലത്തിന്റെ ആഗ്രഹം വെയ്ക്കുന്നില്ലായെന്ന് അനേകം പേർ പറയുന്നുണ്ട്. എന്നാൽ അല്ല, തീർച്ചയായും ഫലം ലഭിക്കുന്നു. മനസ്സിലാക്കൂ ആരുടെയെങ്കിലും കൈയ്യിൽ പണമുണ്ട്, അതിനെ ദാനപുണ്യം നൽകുകയാണെങ്കിൽ ബുദ്ധിയിൽ ഇതുണ്ടായിരിക്കും നമുക്ക് അടുത്ത ജന്മത്തിൽ ലഭിക്കും. അഥവാ മമത്വം ഉണ്ടായി, ഇത് എന്റെ വസ്തുവാണ് അങ്ങനെ മനസ്സിലാക്കുകയാണെങ്കിൽ അവിടെ ലഭിക്കുകയില്ല. ദാനം ചെയ്യുന്നത് തന്നെ അടുത്ത ജന്മത്തേയ്ക്ക് വേണ്ടിയാണ്. അടുത്ത ജന്മത്തിൽ ലഭിക്കുമ്പോൾ പിന്നീട് ഈ ജന്മത്തിൽ എന്തിന് മമത്വം വെയ്ക്കണം, അതുകൊണ്ട് ട്രസ്റ്റിയാവുകയാണെങ്കിൽ തന്റെ മമത്വം ഇല്ലാതാകും. ചിലർ നല്ലൊരു സമ്പന്നന്റെ വീട്ടിൽ പോയി ജന്മമെടുക്കുകയാണെങ്കിൽ പറയും അദ്ദേഹം നല്ല കർമ്മം ചെയ്തിട്ടുണ്ട്. ചിലർ രാജാ-റാണിയുടെയടുത്ത് ജന്മമെടുക്കുന്നു, കാരണം ദാനപുണ്യം ചെയ്തിട്ടുണ്ട് എന്നാൽ അത് അല്പകാലത്തേയ്ക്ക് ഒരു ജന്മത്തിന്റെ കാര്യമാണ്. ഇപ്പോൾ നിങ്ങൾ ഈ പഠിപ്പ് പഠിക്കുകയാണ്. അറിയുന്നുണ്ട് ഈ പഠിപ്പിലൂടെ നമുക്ക് ഇതായി മാറണം, അതിനാൽ ദൈവീക ഗുണം ധാരണ ചെയ്യണം. ആരാണോ ഇവിടെ ദാനം ചെയ്യുന്നത് അവരിലൂടെ ഈ ആത്മീയ യൂണിവേഴ്സിറ്റി, ഹോസ്പിറ്റൽ തുറക്കുകയാണ്. ദാനം നൽകിയാൽ പിന്നീട് അതിൽ നിന്നും മമത്വം വേർപെടുത്തണം കാരണം നമ്മൾ ഭാവിയിലെ 21 ജന്മത്തേയ്ക്ക് വേണ്ടി ബാബയിൽ നിന്നും എടുക്കുകയാണെന്ന് നിങ്ങൾക്കറിയാം. ഈ ബാബ കെട്ടിടമെല്ലാം ഉണ്ടാക്കുന്നു. ഇത് താല്ക്കാലികമാണ്. ഇല്ലായെങ്കിൽ ഇത്രയും എല്ലാ കുട്ടികളും എവിടെ വസിക്കും. എല്ലാം ശിവബാബയ്ക്കാണ് നൽകുന്നത്. ഉടമസ്ഥൻ ബാബയാണ്. ബാബ ബ്രഹ്മാബാബയിലൂടെ ഇത് ചെയ്യിപ്പിക്കുകയാണ്. ശിവബാബ രാജ്യം ഭരിക്കുന്നില്ല. സ്വയം ദാതാവാണ്. ബാബയ്ക്ക് എന്തിനോടാണ് മമത്വം ഉണ്ടാവുക. ഇപ്പോൾ ബാബ ശ്രീമതം നൽകുകയാണ് മരണം മുന്നിൽ നിൽക്കുകയാണ്. മുമ്പ് നിങ്ങൾ ആർക്കെങ്കിലും നൽകിയിരുന്നതിൽ മരണത്തിന്റെ കാര്യം ഉണ്ടായിരുന്നില്ല. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് അതിനാൽ ഈ പഴയ ലോകം അവസാനിക്കുക തന്നെ ചെയ്യും. ബാബ പറയുകയാണ് ഞാൻ വരുന്നത് തന്നെ ഈ പതിത ലോകത്തെ അവസാനിപ്പിക്കുന്നതിന് വേണ്ടിയാണ്. ഈ രുദ്ര യജ്ഞത്തിൽ മുഴുവൻ പഴയ ലോകവും സ്വാഹാ ആകണം. എന്തെല്ലാം തന്റെ ഭാവിയ്ക്ക് വേണ്ടി ഉണ്ടാക്കുന്നുണ്ടോ അതെല്ലാം പുതിയ ലോകത്തിൽ ലഭിക്കും. ഇല്ലായെങ്കിൽ ഇവിടെ തന്നെ എല്ലാം അവസാനിക്കും. എന്തെങ്കിലുമെല്ലാം വിഴുങ്ങും. ഇന്നത്തെക്കാലത്ത് മനുഷ്യർ ഉദാരതയ്ക്ക് വേണ്ടിയാണ് നൽകു

ന്നത്. വിനാശമുണ്ടാവുകയാണെങ്കിൽ എല്ലാം അവസാനിക്കും. ചിലർ ആർക്കും ഒന്നും കൊടുക്കില്ല. എല്ലാം അവശേഷിക്കുന്നു. ഇന്ന് നന്നായിരിക്കും, നാളെ പാപ്പരാകും. ആർക്കും ഒരു പൈസയും ലഭിക്കുന്നില്ല ആർക്കെങ്കിലും നൽകി, അവർ മരിച്ചു പോയാൽ പിന്നെ ആര് തിരിച്ച് നൽകാനാണ്. അതിനാൽ എന്ത് ചെയ്യണം? ഭാരതത്തിന്റെ 21 ജന്മത്തിന്റെ മംഗളത്തിന് വേണ്ടി, തന്റെ 21 ജന്മത്തിന്റെ മംഗളത്തിന് വേണ്ടി ഉപയോഗിക്കണം. നിങ്ങൾ നിങ്ങൾക്ക് വേണ്ടി ചെയ്യൂ. ശ്രീമതത്തിലൂടെ ഉയർന്ന പദവി നേടുമെന്നറിയാം, അതിലൂടെ 21 ജന്മം സുഖ-ശാന്തി ലഭിക്കും. ഇതിനെയാണ് പറയുന്നത് അവിനാശിയായ ബാബയുടെ ആത്മീയ ഹോസ്പിറ്റൽ, യൂണിവേഴ്സിറ്റി, ഇതിലൂടെ ആരോഗ്യം, സമ്പത്ത്, സന്തോഷം എന്നിവ ലഭിക്കുന്നു. ചിലർക്ക് ആരോഗ്യമുണ്ട്, സമ്പത്തില്ലായെങ്കിൽ സന്തോഷമുണ്ടായിരിക്കുക സാധ്യമല്ല. രണ്ടുമുണ്ടെങ്കിൽ സന്തോഷവുമുണ്ടാകുന്നു. ബാബ നിങ്ങൾക്ക് 21 ജന്മത്തേയ്ക്ക് വേണ്ടി രണ്ടും നൽകുന്നു. അത് 21 ജന്മത്തേയ്ക്ക് ശേഖരിക്കണം. യുക്തി രചിക്കലാണ് കുട്ടികളുടെ ജോലി. ബാബയുടെ വരവിലൂടെ പാവപ്പെട്ട കുട്ടികളുടെ ഭാഗ്യം തുറക്കപ്പെടുന്നു. ബാബ ഏഴകളുടെ നാഥനാണ്. സമ്പന്നരുടെ ഭാഗ്യത്തിൽ ഈ കാര്യമില്ല. ഈ സമയം ഭാരതം വളരെ ദരിദ്രമാണ്. ആരാണോ സമ്പന്നരായിരുന്നത് അവർ തന്നെയാണ് ദരിദ്രമാക്കിയത്. ഈ സമയം എല്ലാവരും പാപാത്മാക്കളാണ്. എവിടെയാണോ പുണ്യാത്മാക്കളുള്ളത് അവിടെ പാപാത്മാക്കൾ ഒരാൾ പോലും ഉണ്ടായിരിക്കില്ല. അത് സതോപ്രധാന സത്യയുഗമാണ്, ഇത് തമോപ്രധാന കലിയുഗവും. ഇപ്പോൾ നിങ്ങൾ സതോപ്രധാനമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാബ നിങ്ങൾ കുട്ടികൾക്ക് സ്മൃതി ഉണർത്തി തരികയാണ് അതിനാൽ നിങ്ങൾ മനസ്സിലാക്കുന്നു ഒരുകാലത്ത് നമ്മളും സ്വർഗ്ഗവാസിയായിരുന്നു. പിന്നീട് നമ്മൾ 84 ജന്മങ്ങളെടുക്കുന്നു. ബാക്കി 84 ലക്ഷം യോനികൾ എന്നത് തെറ്റാണ്. എന്താ ഇത്രയും ജന്മം മൃഗങ്ങളുടെ യോനിയിലായിരുന്നോ! അവസാനത്തേതാണോ ഈ മനുഷ്യ ജന്മം? എന്താ ഇപ്പോൾ തിരിച്ച് പോകേണ്ടേ?

ഇപ്പോൾ ബാബ മനസ്സിലാക്കി തരുകയാണ് - മരണം മുന്നിൽ നിൽക്കുകയാണ്. 40-50 ആയിരം വർഷമൊന്നുമില്ല. മനുഷ്യരാണെങ്കിൽ തികച്ചും ഘോര അന്ധകാരത്തിലാണ് അതുകൊണ്ടാണ് കല്ലുബുദ്ധിയെന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾ കല്ല് ബുദ്ധിയിൽ നിന്ന് പവിഴ ബുദ്ധിയായി മാറിയിരിക്കുന്നു. ഈ കാര്യങ്ങളെല്ലാം ഒരു സന്യാസിമാർക്കും പറഞ്ഞു തരാൻ സാധിക്കില്ല. ബാബയിപ്പോൾ നിങ്ങൾക്ക് സ്മൃതിയുണർത്തി തരികയാണ് - തിരിച്ച് വീട്ടിലേയ്ക്ക് പോകണം. എത്ര സാധിക്കുമോ തന്റെ സമ്പത്തെല്ലാം ട്രാൻസ്ഫർ ചെയ്യൂ. ബാബാ, ഇതെല്ലാം എടുക്കൂ, ഞങ്ങൾ സത്യയുഗത്തിൽ 21 ജന്മത്തേയ്ക്ക് നേടാം. ഈ ബ്രഹ്മാബാബയും ദാന-പുണ്യം ചെയ്തിരുന്നു. വളരെയധികം താത്പര്യമുണ്ടായിരുന്നു. വ്യാപാരികൾ രണ്ട് പൈസയായിരുന്നു ദാനം കൊടുക്കുന്നത്. ബാബ ഒരു അണ കൊടുത്തിരുന്നു. ആര് വന്നാലും വാതിൽക്കൽ നിന്ന് വെറുതെ പോകുമായിരുന്നില്ല. ഇപ്പോൾ ഭഗവാൻ സന്മുഖത്ത് വന്നിരിക്കുകയാണ്, ഇത് ആർക്കും അറിയുകയില്ല. മനുഷ്യർ ദാന പുണ്യം ചെയ്ത് ചെയ്ത് മരിച്ചു പോകും പിന്നീട് എവിടെ ലഭിക്കും? പവിത്രമാകുന്നില്ല, ബാബയോട് പ്രീതി വെയ്ക്കുന്നില്ല. ബാബ മനസ്സിലാക്കി തരികയാണ് യാദവരുടെയും കൗരവരുടെയും വിനാശകാലേ വിപരീത ബുദ്ധിയാണ്. പാണ്ഡവരുടേത് വിനാശകാലേ പ്രീത ബുദ്ധിയാണ്. യൂറോപ്പിലുള്ളവരെല്ലാം യാദവരാണ് അവർ മിസൈലെല്ലാം പുറത്തിറക്കികൊണ്ടിരിക്കുന്നു. ശാസ്ത്രങ്ങളിലാണെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്. ഡ്രാമാ പ്ലാനനുസരിച്ച് അനേകം ശാസ്ത്രങ്ങളെഴുതിയിരിക്കുന്നു. ഇതിൽ പ്രേരണയുടെ കാര്യമൊന്നുമില്ല. പ്രേരണ അർത്ഥം ചിന്ത. ബാബയിങ്ങനെ പ്രേരണയിലൂടെയൊന്നും പഠിപ്പിക്കുന്നില്ല. ബാബ മനസ്സിലാക്കി തരികയാണ് ഇദ്ദേഹവും ഒരു വ്യാപാരിയായിരുന്നു. നല്ല പേരുണ്ടായിരുന്നു. എല്ലാവരും ആദരിച്ചിരുന്നു. ബാബ പ്രവേശിച്ചതോടുകൂടി ഇദ്ദേഹം ഗ്ലാനി അനുഭവിക്കാൻ തുടങ്ങി. ശിവബാബയെ അറിയുന്നില്ല. ബാബയെ ശകാരിക്കാനും സാധിക്കുകയില്ല. ശകാരം ഇദ്ദേഹമാണ് അനുഭവിക്കുന്നത്. കൃഷ്ണൻ പറഞ്ഞിട്ടുണ്ടല്ലോ - ഞാൻ വെണ്ണ തിന്നുന്നില്ല. ഇതും പറയുന്നുണ്ട് പ്രവൃത്തിയെല്ലാം ബാബയുടേതാണ്, ഞാൻ ഒന്നും ചെയ്യുന്നില്ല. ഇന്ദ്രജാലക്കാരൻ ബാബയാണ്, ഞാനല്ല. വെറുതെ ഇദ്ദേഹത്തിന് ശകാരം നൽകുകയാണ്. എന്താ ഞാൻ ആരെയെങ്കിലും ഓടിച്ചുകൊണ്ടു വന്നിട്ടുണ്ടോ? ആരോടും പറഞ്ഞിട്ടില്ല നിങ്ങൾ ഓടി രക്ഷപ്പെട്ടു വരൂ. ഞാനാണെങ്കിൽ അവിടെയായിരുന്നു, നിങ്ങളിവിടേയ്ക്ക് സ്വയം ഓടി വന്നതാണ്. വെറുതെ ദോഷം നൽകിയിരിക്കുകയാണ്. എത്ര ഗ്ലാനി അനുഭവിച്ചു. ശാസ്ത്രങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്. ബാബ മനസ്സിലാക്കി തരികയാണ് ഇത് വീണ്ടും ഉണ്ടാകും. ഇത് മുഴുവൻ ജ്ഞാനത്തിന്റെ കാര്യമാണ്. ഒരു മനുഷ്യനും ഇത് ചെയ്യാൻ സാധിക്കില്ല. അതും ബ്രിട്ടീഷ് ഗവൺമെന്റിന്റെ രാജ്യത്ത് ഇത്രയും കന്യകമാരും മാതാക്കളും വന്നിരിക്കുക. ആർക്കും ഒന്നും ചെയ്യാൻ സാധിച്ചില്ല. ആരുടെയെങ്കിലും സംബന്ധി വന്നാൽ വന്നതുപോലെ ഓടിക്കുമായിരുന്നു. ബാബ പറയുമായിരുന്നു നിങ്ങളിവർക്ക് മനസ്സിലാക്കി കൊടുത്ത് കൊണ്ട് പോകൂ. ഞാനൊരിക്കലും തടയുന്നില്ല എന്നാൽ ആർക്കും ധൈര്യം ഉണ്ടായിരുന്നില്ല. ബാബയുടെ ശക്തിയുണ്ടായിരുന്നില്ലേ. ഒന്നും പുതിയതല്ല. ഇതെല്ലാം വീണ്ടും സംഭവിക്കും. ഗ്ലാനിയും അനുഭവിക്കേണ്ടി വരും. ദ്രൗപതിയുടെയും കാര്യമുണ്ട്. ഇതെല്ലാം

ദ്രൗപതിമാരും ദുശാസൻമാരുമാണ്, ഒരാളുടെ മാത്രം കാര്യമല്ല. ശാസ്ത്രങ്ങളിൽ ഈ കിംവദന്തികളെല്ലാം ആരാണ് എഴുതിയത്? ബാബ പറയുന്നു ഇതും ഡ്രാമയിലെ പാർട്ടാണ്. ആത്മാവിന്റെ ജ്ഞാനം ആരിലും തന്നെ ഇല്ല, തികച്ചും ദേഹാഭിമാനത്തിലകപ്പെട്ടിരിക്കുകയാണ്. ദേഹീ അഭിമാനിയാകുന്നതിൽ വളരെ പരിശ്രമമുണ്ട്. രാവണൻ തികച്ചും വിപരീതമാക്കി മാറ്റിയിരിക്കുന്നു. ബാബയിപ്പോൾ നേരെയാക്കിയിരിക്കുന്നു.

ദേഹീ അഭിമാനിയായി മാറുന്നതിലൂടെ സ്വതവേ സ്മൃതിയുണ്ടായിരിക്കുന്നു നമ്മൾ ആത്മാവാണ്, ഈ ദേഹം വേഷം അഭിനയിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഈ സ്മൃതിയുണ്ടായിരിക്കുകയാണെങ്കിൽ തന്നെ ദൈവീക ഗുണം വന്നു ചേരും. നിങ്ങൾക്ക് ആർക്കും ദുഃഖം നൽകുവാൻ സാധിക്കില്ല. ഭാരതത്തിൽ തന്നെയാണ് ഈ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടായിരുന്നത്. 5000 വർഷത്തിന്റെ കാര്യമാണ്. അഥവാ ആരെങ്കിലും ലക്ഷം വർഷമെന്ന് പറയുകയാണെങ്കിൽ ഘോര അന്ധകാരത്തിലാണ്. ഡ്രാമയനുസരിച്ച് എപ്പോൾ സമയം പൂർത്തിയായോ അപ്പോൾ വീണ്ടും ബാബ വന്നിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുകയാണ് എന്റെ ശ്രീമതത്തിലൂടെ നടക്കൂ. മരണം മുന്നിൽ നിൽക്കുകയാണ്. പിന്നീട് ഉള്ളിൽ എന്ത് ആശയാണോ ഉള്ളത്, അത് ശേഷിക്കും. തീർച്ചയായും മരിക്കുക തന്നെ ചെയ്യും. ഇത് അതേ മഹാഭാരതയുദ്ധമാണ്. എത്ര തന്റെ മംഗളം ചെയ്യാൻ സാധിക്കുമോ അത്രയും നല്ലതാണ്. ഇല്ലായെങ്കിൽ നിങ്ങൾ വെറും കൈയോടെ പോകും. മുഴുവൻ ലോകവും വെറും കൈയോടെ പോകുന്നു. കേവലം നിങ്ങൾ കുട്ടികൾ മാത്രമാണ് നിറഞ്ഞ കൈയോടെ അർത്ഥം ധനവാനായി പോവുന്നത്. ഇതിൽ മനസ്സിലാക്കുന്നതിന് വളരെ വിശാല ബുദ്ധി വേണം. എത്ര ധർമ്മത്തിലുള്ള മനുഷ്യരാണ്. ഓരോരുത്തരുടെയും പാർട്ട് നടക്കുന്നു. ഒരാളുടെ പാർട്ട് മറ്റൊരാൾക്ക് ലഭിക്കുകയില്ല. എല്ലാവരുടെയും സ്വഭാവം അവരവരുടേതാണ്, എത്രയധികം സ്വഭാവങ്ങളാണ്, ഇതെല്ലാം ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. അത്ഭുതകരമായ കാര്യമല്ലേ. ബാബയിപ്പോൾ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നമ്മൾ ആത്മാക്കൾ 84 ന്റെ ചക്രത്തിൽ വരുന്നു, നമ്മൾ ആത്മാക്കൾ ഈ നാടകത്തിലെ അഭിനേതാക്കളാണ്, ഇതിൽ നിന്ന് നമുക്ക് പുറത്തുകടക്കാൻ സാധ്യമല്ല, മോക്ഷം നേടാൻ സാധിക്കില്ല. പിന്നീട് പരിശ്രമിക്കുന്നത് വെറുതെയാണ്. ബാബ പറയുന്നു ഡ്രാമയിൽ നിന്ന് ആരെങ്കിലും പുറത്തു പോവുക, വേറെ ആരെയെങ്കിലും കൂട്ടി ചേർക്കുക– ഇത് സംഭവിക്കുകയില്ല. ഈ മുഴുവൻ ജ്ഞാനവും എല്ലാവരുടെയും ബുദ്ധിയിലിരിക്കുക സാധ്യമല്ല. മുഴുവൻ ദിവസവും ഇങ്ങനെയുള്ള ജ്ഞാനത്തിൽ രസിക്കണം. ഒരു നിമിഷം അര നിമിഷം... ഇത് ഓർമ്മിക്കൂ പിന്നീട് അതിനെ വർദ്ധിപ്പിച്ചുകൊണ്ടു പോകൂ. 8 മണിക്കൂർ വേണമെങ്കിൽ സ്ഥൂലമായ സേവനം ചെയ്തോളൂ, വിശ്രമിക്കുകയും ചെയ്തോളൂ, ഈ ആത്മീയ ഗവൺമെന്റിന്റെ സേവനത്തിലും സമയം നൽകൂ. നിങ്ങൾ നിങ്ങളുടെയും സേവനം ചെയ്യുന്നുണ്ട്, ഇതാണ് മുഖ്യമായ കാര്യം. ഓർമ്മയുടെ യാത്രയിലിരിക്കൂ, ബാക്കി ജ്ഞാനത്തിലൂടെ ഉയർന്ന പദവി നേടണം. തന്റെ ഓർമ്മയുടെ പൂർണ്ണമായ ചാർട്ട് വെയ്ക്കൂ. ജ്ഞാനം സഹജമാണ്. എങ്ങനെയാണോ ഞാൻ മനുഷ്യ സൃഷ്ടിയുടെ ബീജരൂപമാണ്, ഇതിന്റെ ആദി–മധ്യ–അന്ത്യത്തെ അറിയുന്നുവെന്ന് ബാബയുടെ ബുദ്ധിയിലുള്ളത്. നമ്മളും ബാബയുടെ കുട്ടികളാണ്. ബാബയിത് മനസ്സിലാക്കി തന്നിട്ടുണ്ട്, എങ്ങനെയാണ് ഈ സൃഷ്ടി ചക്രം കറങ്ങുന്നത്. ആ സമ്പത്തിന് വേണ്ടി നിങ്ങൾ 8– 10 മണിക്കൂർ നൽകുന്നുണ്ടല്ലോ. നല്ല കസ്റ്റമറെ ലഭിക്കുകയാണെങ്കിൽ രാത്രിയിലും ഒരിക്കലും കോട്ടുവായ വരില്ല. കോട്ടുവായ വന്നുവെങ്കിൽ ഇദ്ദേഹം ക്ഷീണിച്ചിരിക്കുന്നുവെന്ന് അറിയാൻ കഴിയുന്നു. ബുദ്ധി പുറത്തെവിടെയോ അലയുകയാണ്. സെന്ററുകളിലും വളരെ ശ്രദ്ധയോടെയിരിക്കണം. ഏത് കുട്ടികളാണോ മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാത്തത്, തന്റെ പഠിപ്പിൽ തന്നെ മുഴുകിയിരിക്കുന്നത് അവരുടെ ഉന്നതി സദാ ഉണ്ടായികൊണ്ടിരിക്കുന്നു. നിങ്ങൾ മറ്റുള്ളവരുടെ ചിന്തനം ചെയ്ത് തന്റെ പദവി ഭ്രഷ്ഠമാക്കരുത്. മോശമായത് കേൾക്കരുത്, മോശമായത് കാണരുത്... ആരെങ്കിലും മോശമായി സംസാരിക്കുകയാണെങ്കിൽ ഒരു ചെവിയിലൂടെ കേട്ട് മറുചെവിയിലൂടെ പുറത്തേക്ക് കളയൂ. എപ്പോഴും തന്നെ നോക്കണം, മറ്റുള്ളവരെയല്ല നോക്കേണ്ടത്. തന്റെ പഠിപ്പ് ഉപേക്ഷിക്കരുത്. അനേകം പേർ ഇങ്ങനെ ദേഷ്യപ്പെടാറുണ്ട്. വരുന്നത് അവസാനിപ്പിക്കുന്നു, പിന്നീട് വരുന്നു. വരാതെ എവിടേയ്ക്ക് പോകും? സ്ക്കൂൾ ഒന്നു മാത്രമാണ്. സ്വന്തം കാലിൽ കോടാലി വെയ്ക്കരുത്. നിങ്ങൾ നിങ്ങളുടെ പഠിപ്പിൽ മുഴുകിയിരിക്കൂ. വളരെ സന്തോഷത്തിലിരിക്കൂ. ഭഗവാനാണ് പഠിപ്പിക്കുന്നത്, വേറെന്ത് വേണം! ഭഗവാൻ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്, ആ ഒരാളിൽ മാത്രം ബുദ്ധിയോഗം വെയ്ക്കണം. നിങ്ങളെ നമ്പർവൺ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന ഈ മുഴുവൻ ലോകത്തിന്റെയും നമ്പർവൺ പ്രിയതമനാണ് ബാബ.

ബാബ പറയുകയാണ് നിങ്ങളുടെ ആത്മാവ് വളരെ പതിതമാണ്, പറക്കാൻ സാധിക്കില്ല. ചിറക് ഒടിഞ്ഞിരിക്കുകയാണ്. രാവണൻ എല്ലാ ആത്മാക്കളുടെയും ചിറക് മുറിച്ചിരിക്കുകയാണ്. ശിവബാബ പറയുകയാണ് എനിക്കല്ലാതെ മറ്റാർക്കും നിങ്ങളെ പാവനമാക്കി മാറ്റാൻ സാധിക്കില്ല. എല്ലാ അഭിനേതാക്കളും ഇവിടെയുണ്ട്, വൃദ്ധി നേടികൊണ്ടേയിരിക്കുന്നു, തിരിച്ചാരും പോകുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സ്വ ചിന്തനത്തിലും പഠിപ്പിലും മുഴുകിയിരിക്കണം. മറ്റുള്ളവരെ നോക്കരുത്. അഥവാ ആരെങ്കിലും മോശമായി സംസാരിക്കുകയാണെങ്കിൽ ഒരു ചെവിയിലൂടെ കേട്ട് മറുചെവിയിലൂടെ പുറത്തേയ്ക്ക് കളയണം. ദേഷ്യപ്പെട്ട് പഠിപ്പ് ഉപേക്ഷിക്കരുത്.

2) ജീവിച്ചിരിക്കെ തന്നെ എല്ലാം ദാനം ചെയ്ത് മമത്വം ഇല്ലാതാക്കണം. പൂർണ്ണമായും വിൽ ചെയ്ത് ട്രസ്റ്റിയായി മാറി ഭാരരഹിതമായിരിക്കണം. ദേഹീ അഭിമാനിയായി മാറി എല്ലാ ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം.

### വരദാനം : ഭിന്നതയെ മാറ്റി ഏകത കൊണ്ടുവരുന്ന സത്യമായ സേവാധാരി ആയി ഭവിക്കൂ.

ബ്രാഹ്മണ പരിവാരത്തിന്റെ വിശേഷതയാണ് അനേകതയുണ്ടെങ്കിലും ഏകത. താങ്കളുടെ ഏകതയിലൂടെ തന്നെയാണ് മുഴുവൻ വിശ്വത്തിലും ഏകധർമ്മം, ഏകരാജ്യത്തിന്റെ സ്ഥാപന നടക്കുന്നത്. അതുകൊണ്ട് വിശേഷ ശ്രദ്ധ നൽകി വിഭിന്നതയെ ഇല്ലാതാക്കൂ..... ഏകത കൊണ്ടുവരൂ.... അപ്പോൾ പറയാം സത്യമായ സേവാധാരി. സേവാധാരി തന്നെപ്രതിയല്ല മറിച്ച് സേവനത്തെ പ്രതിയായിരിക്കും. തന്റേതെല്ലാം സേവനത്തെപ്രതി സ്വാഹ ചെയ്യുന്നു. ഏതുപോലെ സാകാരബാബ സേവനത്തിൽ എല്ലുകൾപോലും സ്വാഹാ ചെയ്തു, അതുപോലെ താങ്കളുടെ ഓരോ കർമ്മേന്ദ്രിയത്തിലൂടെയും സേവനം നടന്നുകൊണ്ടിരിക്കണം.

### സ്ലോഗൻ : പരമാത്മാ സ്നേഹത്തിൽ ലയിച്ചിരിക്കൂ..... അപ്പോൾ ദുഃഖത്തിന്റെ ലോകം മറക്കാം.

**അവ്യക്ത സൂചന :-** കംബയിന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയി ആകൂ. സദാ സ്മൃതി ഉണ്ടായിരിക്കണം ഞാൻ കംബയിന്റ് ആയിരുന്നു, ഒരുമിച്ചാണ്, ഒരുമിച്ച് തന്നെ ഇരിക്കും. അനേക പ്രാവശ്യമുള്ള കംബയിന്റ് സ്വരൂപത്തെ വേറെയാക്കുവാൻ ആർക്കും ശക്തിയില്ല. ഇത് ആത്മാ-പരമാത്മാ കൂട്ടുകെട്ടാണ്. സ്നേഹത്തിന്റെ അടയാളമാണ് കംബയിന്റായിരിക്കുക. പരമാത്മാവ് കൂട്ടുകെട്ട് എവിടെയാണെങ്കിൽ തന്നേയും നിറവേറ്റും, ഓരോരുത്തരുമായും കംബയിന്റ് രൂപത്തിലുള്ള സ്നേഹസംബന്ധവും നിറവേറ്റുന്നു.